''ചുറ്റുപാടുകളേകിയ പ്രതിബിംബങ്ങളെ നേർത്തവരകളിലാവാഹിച്ചു മിഴിവേറ്റിയ ബാല്യകാലത്തും തണലേകിയത് കൂട്ടുകാരായിരുന്നു. ടാലന്റഡ് ബാങ്കേഴ്സിലേക്കെന്നെ കൂട്ടിയതും ജീവിതവഴികളിൽ കണ്ടെത്തിയ സഖി!''- മെല്ലെ മെല്ലെ, മിഴി തുറന്നുവരുന്നൊരു നറുപുഷ്പം പോലെ ഈയാഴ്ചയുടെ ദളം വിടരുന്നു-

രാഹുൽ റാം. എസ്സ്,
കേരള ഗ്രാമീൺ ബാങ്ക്,
റീജിയണൽ ഓഫീസ്, കോട്ടയം.

രചനാശൈലിയിലെ വ്യത്യസ്തമായ തലങ്ങൾ കൊണ്ട് ഏവരേയും വിസ്മയിപ്പിച്ച കലാകാരനെത്തേടിയുള്ള ടാലന്റഡ് ബാങ്കേഴ്സ് അന്വേഷണം ചെന്നെത്തിയത്, കേരളഗ്രാമീൺ ബാങ്കിലെ മുൻകാലദളവും കലാനിപുണനുമായ ശരത് ആശ്രാമത്തിലേക്കായിരുന്നു. ശരത് നല്കിയ സൂചനകളിലൂടെ കണ്ടെത്തിയ രാഹുൽ റാം ഇതാ മുന്നിൽ വിടരുന്നു.

കൊല്ലം കടപ്പാക്കടയിൽ ശ്രീ.കെ.എസ്. സുദർശനൻ - ശ്രീമതി കെ.അനിത ദമ്പതികളുടെ മൂന്നുമക്കളിൽ രണ്ടാമനായി ജനനം. പിതാവ് ദീർഘകാലത്തെ ബാങ്കിംഗ് സേവനാനുഭവസമ്പത്തുമായി ഫെഡറൽ ബാങ്കിൽ എ.വി.പി സ്ഥാനത്ത് നിന്നു വിരമിച്ചു. ചിത്രകലയിൽ പ്രാവീണ്യം തെളിയിച്ച പിതാവ് ഏറെ അംഗീകാരങ്ങളുടെയും ഉടമയാണ്. മാതാവ്, ഗൃഹഭരണത്തിന്റെ തണലേകിയ കുടുംബത്തിൽ പിറന്ന മക്കൾ മൂന്ന് പേരും എഞ്ചിനീയറിഗിൽ പ്രാഗത്ഭ്യവും നേടി. ജ്യേഷ്ഠൻ രത്തൻദേവ് ആർക്കിടെക്ടായി. അനുജത്തി ലക്ഷ്മി ഗായത്രി ഇന്റീരിയർ ഡിസൈനറും. ''വീട്ടിൽ എഞ്ചിനീയർ/ബാങ്കർ കൂട്ടുകെട്ടിന്റെ ചാരുതയാണെങ്ങും''- രാഹുൽ മനസ്സു തുറന്നു.

കൊല്ലത്തെ പ്രസിദ്ധമായ ശ്രീ നാരായണ പബ്ലിക് സ്ക്കൂളിലായിരുന്നു ഹയർ സെക്കണ്ടറി വരെയുള്ള പഠനം. അക്കാദമിക് പഠനതലങ്ങളിലെ തിളക്കമാർന്ന കാലത്തും തന്നിൽ സഭാകമ്പം കലശലായിരുന്നു. നോട്ടുബുക്കുകളുടെ അവസാനഭാഗങ്ങളിൽ വരച്ചുകൂട്ടിയ ചിത്രങ്ങളൊക്കെയും ചുറ്റുപാടിന്റെ പ്രതിബിംബങ്ങളായിരുന്നു. അടുത്ത കൂട്ടുകാർ കണ്ടറിഞ്ഞു വളർത്തിയ കഴിവുകളായി മനസ്സിൽ കെടാതെ സൂക്ഷിച്ച സ്ക്കൂൾ കാലമുതൽക്കൂട്ടുകൾ. സഭാകമ്പം തന്നെ വേദികളിൽ നിന്നകറ്റിയിരുന്നു.

അക്കാലത്തെ ട്രെന്റിന്റെ ഭാഗമായി ഉപരിപഠനത്തിന് താൻ എത്തിപ്പെട്ട ക്യാമ്പസ് തുറന്നിട്ടതോ! അതിവിശാലമായ കാൻവാസിലേക്കും! ഫെഡറൽ ബാങ്ക് ഓഫീസർമാരുടെ സംഘടനാവൈഭവം കൊണ്ട് തിളക്കമാർന്ന വൈജ്ഞാനികകേന്ദ്രം, അങ്കമാലിയിലെ''ഫിസാറ്റ്''! ആദ്യയാഴ്ചയിൽ തന്നെ തന്റെ ചിത്രകലാവൈഭവം കണ്ടെത്തി നറുപുഞ്ചിരിയേകിയ ടീച്ചറിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് നേടിയതോ! കൂട്ടുകാരുടെ കരവലയത്തിലൂടെ ഊരിയെറിഞ്ഞു, വിട്ടുമാറാതെ കൂടെക്കൂടിയ സഭാകമ്പമെന്ന ആടകളാകെ! ഗ്രാഫിക് പെൻസിൽ,

അക്രിലിക് മീഡിയ തുടങ്ങി അരിയും ഉപ്പും പശയും കൊണ്ടു തീർത്ത ചിത്രങ്ങളും കാരിക്കേച്ചറുകളും പിറവിയെടുത്തു.

വിവിധമീഡിയങ്ങളിലൂടാവാഹിച്ചു നിർമ്മിച്ച പ്രകൃതീബിംബങ്ങൾക്ക് അക്ഷരച്ചിറകും കൂട്ടായി. കഥയും കവിതയുമേറി ചിത്രപദങ്ങൾ ക്യാമ്പസും കടന്ന് അകലങ്ങളിലേക്ക്പറന്നു.

ഇന്റർ ഇൻസ്റ്റിറ്റ്യൂഷനൽ മത്സരങ്ങളിൽ പങ്കാളിയായി വിജയം കൊയ്തു! ഷോർട്ട്ഫിലിമുകളായി ഡിജിറ്റൽ മാർഗ്ഗം സ്വായത്തമാക്കിയ ക്യാമ്പസ്സ് എഞ്ചിനീയറിംഗ് പഠനകാലത്തെ രാഹുൽ കാണുന്നതിങ്ങനെ - ഫൈനലിയറിന് പതിമൂന്ന് പേപ്പറുകൾ പെന്റിംഗ്! ആത്മാഭിമാനം സടകുടഞ്ഞെണീറ്റ് ഒന്നാകെ എഴുതിയെടുത്ത് വെടിപ്പായി പാസ്സായി പുറത്തിറങ്ങി.

ജീവിതവഴികളിൽ തപ്പിത്തടയാതെ നേർവെളിച്ചം പകർന്നുതന്ന വിദ്യാലയങ്ങളുടെ മുന്നിൽ ശിരസ്സു നമിക്കുന്നു- രാഹുൽ തുടരുന്നു. ഡിഗ്രിയുമായി ആദ്യം കടന്നെത്തിയതൊരു പരസ്യചിത്രക്കമ്പനിയിലേക്കായിരുന്നു. ജോലിയും കൂലിയും തമ്മിലുള്ള അന്തരം നല്കിയ പാഠം ഇരുത്തിച്ചിന്തിപ്പിച്ചു. അച്ഛന്റെ വഴിയേ ബാങ്കിംഗ് രംഗത്തേക്കൊരു കൈവെച്ചാലൊ? ആദ്യമെഴുതിയ മത്സരപ്പരീക്ഷ വിജയം കണ്ടു. അങ്ങനെ ബാങ്കറായി. കേരള ഗ്രാമീൺ ബാങ്കിൽ നിയമനം നേടി. 2015 ൽ തലശ്ശേരി ചിറ്റാരിപ്പറമ്പ് ശാഖയിൽഎത്തിച്ചേർന്നു. ആദ്യ വർഷം പിന്നിടുമ്പോൾ തന്നെ കൂട്ടുകാർ കണ്ടെത്തിയിരുന്നു, തന്നിലെ ചിത്രകലാതാത്പര്യങ്ങളെ!
ഗ്രാമീൺ ബാങ്കിന്റെ റീച്ചിംഗ് ഔട്ട് പദ്ധതികളിൽ തന്റെ കലാനൈപുണ്യം ഏറെ പ്രയോജനപ്പെടുമെന്ന പ്രോത്സാഹനമായിരുന്നു തലശ്ശേരിക്കാലം നല്കിയതും.

അക്കാലത്ത് ബാങ്കിന്റെ സാരഥിയായിരുന്ന ശ്രീ കെ.വി.ഷാജി (ഇപ്പോൾ നബാർഡ് മാനേജിംഗ് ഡയറക്ടർ) യുടെ ദീർഘദൃഷ്ടിയിൽ വിടർന്ന റീച്ചിംഗ് ഔട്ട് പ്രോജക്ടുകളുടെ ഭാഗമായി ചേരുവാൻ ഹെഡ് ഓഫീസിലേക്ക് സ്ഥലംമാറ്റവുമായി. കൃതഹസ്തരായ സീനിയേഴ്സ് -ഫ്രാങ്ക്ലീൻ- മനോജ്- വിനോദ് സംഘം നയിച്ച ഐ. ടീ ടീമിലിടം പിടിക്കുവാൻ കഴിഞ്ഞതിലെ ചാരിതാർത്ഥ്യവും രാഹുൽ പങ്കുവെയ്ക്കുന്നു, സഹർഷം.

ടീം തയ്യാറാക്കിയ ''Financial Inclusion at School''-10 Key financial lessons രാജ്യാന്തരതലങ്ങളിലേക്കുയർന്നു. 2017 ൽ ICYF അവാർഡ് നേടി. ഏഷ്യയിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട് ഗ്ലോബൽ ഫൈനലിസ്റ്റായി ജർമ്മനിയിൽ നടന്ന G 20 സമ്മിറ്റിൽ ആദരിക്കപ്പെട്ട പ്രോജക്ട് ടീമിൽ അംഗമായതും തന്റെ ജീവിതപ്പാതയിലെ പാവനനിമിഷങ്ങളായി രാഹുൽ മനസ്സിലേറ്റുന്നു.

DiGi KGB Malayalam Calendar എന്ന ഇന്റർ ആക്ടീവ് ആപ്പിന്റെ സൃഷ്ടിയും ഇക്കാലത്തെ സമ്മോഹനമാക്കുന്നു. 4.7 റേറ്റിംഗിൽ തുടിപ്പാർന്നുനില്ക്കുന്ന UI

സങ്കേതങ്ങളിൽ വികസിപ്പിച്ച കലണ്ടർ ആപ്പ് തന്റെ ചിത്രങ്ങളുടെ വിന്യാസത്താലും ശ്രദ്ധ നേടുന്നു. ഐ.ബി.എ യുടെ ആറ് അവാർഡുകൾ കരസ്ഥമാക്കുവാനും ഐ.ടീ ടീമിനു കഴിഞ്ഞു- അഭിമാനപൂർവം രാഹുൽ തുടരുന്നു.

2023 ജനുവരിയിൽ കേരളസർക്കാറിന്റെയും കേരള സംസ്ഥാന ലീഡ്ബാങ്കായ കാനറാ ബാങ്കിന്റെയും ആഭിമുഖ്യത്തിൽ 'ഡിജിറ്റൽകേരളാ' വിജയാഘോഷം വിപുലമായ ചടങ്ങുകളോടെ സംഘടിപ്പിച്ചിരുന്നു. ആഘോഷത്തിൽ പതിനാറു ബാങ്കുകൾ പങ്കെടുത്ത ഡിജിറ്റൽ പേയ്മെന്റ് ഇക്കോസിസ്റ്റം 'എക്പൊ'യിൽ തന്റെ ബാങ്കിന് രണ്ടാം സ്ഥാനം നേടാനായതും അതിൽ സാർത്ഥകമായ പങ്ക് വഹിക്കാനായതും രാഹുലിന്റെ ബാങ്കിംഗ് ജീവിതത്തിലെ ധന്യനിമിഷങ്ങളായി. തന്റെ അറുപതോളം ചിത്രങ്ങൾ എക്സ്പോയിലൂടെ ചിത്രാസ്വാദകർ സ്വീകരിച്ചതും അതിലൂടെ കൈവന്ന നാല്പതിനായിരം രൂപ അർഹരായ നിരാലംബർക്ക് താങ്ങാവാനതിനുതകിയതും കലാചാതുരിയെ അർത്ഥവത്താക്കിയ നിമിഷങ്ങൾ.

രണ്ടു വർഷങ്ങൾക്കു മുമ്പായിരുന്നു, വിവാഹം. മാവേലിക്കരയിലെ പാർവതി വിനോദുമായി. ജീവിതസഖിയായ പാർവതിയും 'ടാലന്റഡ് ബാങ്കേഴ്സി' ന്റെ കടുത്ത സപ്പോർട്ടറായി മാറിയത് കോട്ടയത്തു വച്ചായിരുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ കോട്ടയം RACPC യിലാണ് പാർവതി. നൃത്തത്തെ ഏറെ ഇഷ്ടപ്പെടുന്ന പാർവതിയുടെ പരിലാളനം തന്നിലെ കവിയെ വീണ്ടുമുണർത്തി. ഇരുന്നൂറ് കവിതകളടങ്ങിയ സമാഹാരമായി മാറി പ്രകാശനത്തിന് തയ്യാറാവുകയാണിപ്പോൾ. ഇതിനിടയിൽ 'കിക്ക് ബോക്സിംഗ്' ഒരു മത്സരയിനമായല്ലെങ്കിലും പിടിച്ചുനില്ക്കാനൊരു പിടിവള്ളിയായി പഠിച്ചെടുത്തു- തന്നിലെ അന്തർമുഖത്തെ പിച്ചിച്ചീന്തിയ പരിണാമത്തെക്കുറിച്ചു ചിരിയോടെ രാഹുൽ കുറിച്ചുവയ്ക്കുന്നു.

കുട്ടിത്തങ്ങളുടെ മായക്കാഴ്ചകൾ മിഴിതുറക്കുമ്പോൾ പാർവതിയുടെ കൂട്ട് പ്രചോദനമേറ്റുന്നു.

''T B യിലേക്കെന്നെ ചേർത്തുവച്ചതിന് കോട്ടയത്തോടും ബാങ്കുകളുടെ അതിർവരമ്പുകൾക്കുമപ്പുറം വീണുകിട്ടുന്ന സ്വകാര്യനിമിഷങ്ങളെ പൊലിപ്പിച്ചെടുക്കുവാൻ പ്രതലമൊരുക്കുന്ന ടീ ബീയുടെ സംഘാടകവൈഭവത്തോടുമുള്ള അഭിവാദ്യവുമായി ഞങ്ങൾ രണ്ടുപേരുമെത്തും തിരുവനന്തപുരം മീറ്റിൽ''

ഗ്രാമീൺ ബാങ്കിന്റെ കോട്ടയം റീജിയണൽ ഓഫീസിലേക്ക് സ്ഥലം മാറ്റം കിട്ടിയിരിക്കയാണിപ്പോൾ രാഹുൽ. ഹെഡ്ഓഫീസിലെ റീച്ചിംഗ് ഔട്ട് പ്രോഗ്രാമുകളുടെ തുടർച്ചയിലും പങ്കുകൊള്ളുവാൻ അവസരങ്ങളുമേറുന്നു.

സ്വപ്നപദ്ധതിയായ കവിതാസമാഹാരപ്രകാശനത്തിനും കലയുടെ വാതായനങ്ങൾ തുറന്നതിവിശാലപ്രതലങ്ങളിലേക്കുയരുവാനും പ്രിയരായ രാഹുൽ - പാർവതീ ബാങ്കർമാർക്ക് ആശംസകളോടെ,

---------------------------------------------------------------------------------------------------

തയ്യാറാക്കിയത് : ബീ.കെ.രമേശ് കുമാരൻ നായർ, റിട്ട. ചീഫ് മാനേജർ, എസ്.ബി.ടി

English version: Arya Gayathry , State Bank of India, RBO Pathanamthitta

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, RBO തിരുവല്ല

---------------------------------------------------------------------------------------------------

"From childhood my life was brightened by the warmth of friendships, that helped me paint the reflections of my surroundings at a young age. Even my way to Talented Bankers was paved by my best friend - my life partner," reminisces this week's Talented Banker as he gracefully blooms, petal by petal, revealing his talents with quiet elegance.

Rahul Ram S
Kerala Gramin Bank
Regional Office, Kottayam.

Talented Bankers' search for the unique artistic talent led us to Sharath Asramam, a former Talented Banker and an expert artist at Kerala Gramin Bank. Sharath's guidance has helped us in bringing Rahul Ram's artistry to the limelight.

Rahul Ram was born in Kadappakkada, Kollam, as the second of three children of Shri. K.S. Sudarshanan and Smt. K. Anita. His father, a retired AVP of Federal Bank, brought with him a wealth of banking experience and a flair for painting that earned him much recognition. Rahul's mother nurtured the family, ensuring that all three children excelled academically and professionally—his elder brother, Rathan Dev, became an architect, and his younger sister, Lakshmi Gayathri, an interior designer. "Our family is a perfect blend of engineers and bankers," Rahul shares with a smile.

Rahul completed his schooling till higher secondary level at the prestigious Sree Narayana Public School, Kollam. Even during his academically bright years, the spark of creativity blossomed in him. But anxiety kept him captive, tightening its grip as he faced the stage. The last pages of his notebooks were adorned with sketches reflecting his surroundings. Encouraged by his close friends, who recognized his innate talent, Rahul carried these artistic pursuits into his college days, though his fear kept him away from the stage and limelight.

Rahul's journey took him to FISAT (Federal Institute of Science and Technology), Angamaly, a prominent institution enriched by the brilliance of Federal Bank Officers' Association. Within the first week itself, a teacher noticed his artistic prowess and encouraged him to pursue it further. With the support of friends and the vibrant atmosphere of the campus, Rahul explored various artistic mediums—graphic pencils, acrylic media, and even experimented with rice, salt, and glue to create intricate paintings and caricatures.

Rahul's art, enriched by a fusion of words and visuals, transcended boundaries. His illustrations, stories, and poems gained widespread appreciation, extending beyond the campus. He actively participated in inter-institutional competitions and brought laurels to his institution. He also ventured into digital media, making short films and exploring new creative dimensions during his

engineering days. “In the end I realized I had thirteen papers pending! I brought my entire focus on my studies, and neatly passed all the examinations at a stretch.”

He paused for a moment to bow in gratitude to the school and college that guided him through every hurdle along his journey. Though his initial journey led him to an advertising company, where he gained valuable insights into the nuances of the professional world, Rahul eventually followed in his father’s footsteps and entered the banking sector. His success in the first competitive exam attempted led him to Kerala Gramin Bank, where he was posted at Chittariparambu Branch, Thalassery, in 2015. Within a year, Rahul’s artistic interests were recognized by his colleagues. His talents found space in Gramin Bank’s “Reaching Out” initiatives, which utilized his creative skills for greater impact.

During this time, under the visionary leadership of Shri. K.V. Shaji (now Managing Director of NABARD), Rahul was transferred to the Head Office to contribute to the “Reaching Out” projects. His exceptional contributions earned him a place in the IT team led by experienced seniors—Manoj, Franklin and Vinod. Rahul was a part of the team that played a key role in developing a children's financial awareness app as a part of "Financial Inclusion at School", a project that imparted 10 key financial lessons to school children. This project gained international recognition, winning the ICYF Award in 2017 and being honored at the G20 Summit in Germany as one of the global finalists selected from Asia.

Rahul also contributed to the development of “DiGi KGB Malayalam Calendar,” an interactive app developed with UI technology that gained widespread attention – also adorned with his creative artworks, earning a 4.7 rating. Rahul remains grateful for the opportunity provided by the bank to be a part of a stellar IT team that bagged 6 IBA(Indian Banks’ Association) awards in 2022, a matter of immense pride.

In January 2023, Rahul’s efforts were instrumental in Kerala Gramin Bank securing the second position at the “Digital Kerala” Expo, organized by the Government of Kerala and Canara Bank, the State Lead Bank. The Digital Payment Ecosystem expo was attended by 16 banks. One year later, over 60 of Rahul’s artworks were showcased as ‘Art for a Cause’ project initiated by his bank, raising ₹40,000, which was donated to support the underprivileged.

Two years ago, Rahul married Parvathy Vinod from Mavelikkara. Parvathy, who works at SBI RACPC Kottayam, became a strong supporter of Talented Bankers and a source of inspiration in Rahul’s creative journey. A talented dancer, Parvathy’s grace rekindled the poet in Rahul, inspiring him to compile over 200 poems, which are now being prepared for publication.

Interestingly, Rahul also took up kickboxing—not as a competitive pursuit, but as a means to strengthen his resolve and transform his introverted nature. With a smile, Rahul shares how this experience contributed to his personal growth.

Rahul and Parvathy are now preparing to attend the upcoming Talented Bankers meet in Thiruvananthapuram. “Talented Bankers has connected me to a world beyond the boundaries of banking, enriching my life in ways I never imagined,” says Rahul. With a recent transfer to the Kottayam Regional Office of Kerala Gramin Bank, Rahul is excited to continue contributing to the “Reaching Out” programs while pursuing his dream of publishing his poetry collection.

As Rahul and Parvathy step into a future filled with artistic aspirations and professional growth, Talented Bankers extend their heartfelt wishes to this dynamic and talented banking couple.